**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **29-09-2025 - ൽ മറുപടിയ്ക്ക്**

**സമഗ്ര പേവിഷ പ്രതിരോധ വാക്സിനേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവുനായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ സമഗ്ര പേ വിഷ പ്രതിരോധ വാക്സിനേഷൻ പ്രവർത്തന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വളർത്തുമൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിനൊപ്പം തെരുവുനായകൾക്കും കുത്തിവെയ്പ്പ് നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് തെരുവ്നായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ സമഗ്ര പേവിഷ പ്രതിരോധ വാക്സിനേഷൻ പദ്ധതി (RFKVC - റാബീസ് ഫ്രീ കേരള വാക്സിനേഷൻ ക്യാമ്പയിൻ) ആവിഷ്കരിച്ചിട്ടുണ്ട്. 2025 ആഗസ്റ്റ് മാസം 1 മുതൽ തെരുവ് നായകൾക്കും സെപ്റ്റംബർ 1 മുതൽ വളർത്തു നായകൾക്കും വാക്സിനേഷൻ നൽകിവരുന്നുണ്ട്. കൂടാതെ വളർത്തു നായകളുടെ ഉടമസ്ഥരുടെ ആവശ്യാനുസരണം ഈ പദ്ധതി വഴി പ്രത്യേകം പ്രതിരോധ കുത്തിവെയ്പ്പും നൽകിവരുന്നു. 2025 ഫെബ്രുവരി മാസം സംസ്ഥാനത്ത് 10 ലക്ഷം ഡോസ് ആന്റി റാബീസ് വാക്സിനും അനുബന്ധ സാമഗ്രികളും വാങ്ങി സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. 2025 ജനുവരി മുതൽ ആഗസ്റ്റ് വരെ സംസ്ഥാനത്ത് 2,53,283 വളർത്ത് മൃഗങ്ങൾക്കും (നായകൾക്കും പൂച്ചകൾക്കും), 53,799 തെരുവുനായകൾക്കും കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്. തെരുവ് നായകളുടെയും വളർത്തു നായകളുടെയും കടിയേൽക്കുന്ന മൃഗങ്ങൾക്ക് Post Exposure Vaccination (പോസ്റ്റ് എക്സ്പോഷർ വാക്സിനേഷൻ) ഷെഡ്യൂൾ പ്രകാരം നൽകിവരുന്നു. 2025 ജനുവരി മുതൽ ആഗസ്റ്റ് വരെ സംസ്ഥാനത്ത് ആകെ 88,627 Post Exposure Vaccination (പോസ്റ്റ് എക്സ്പോഷർ വാക്സിനേഷൻ) നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകദേശം 400 മൃഗാശുപത്രികൾ വഴി തെരുവ് നായകൾക്കുള്ള വാക്സിനേഷൻ കാമ്പയിനുകൾ നടത്തിവരുന്നു. വാക്സിനേഷൻ നൽകുന്ന വളർത്തു നായകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. |
| (ബി) | മൃഗങ്ങളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന്റെ ഭാഗമായി ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ് എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; പ്രതിരോധ പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന് ഇത് എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കാമോ? | (ബി) | മൃഗങ്ങളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന്റെ ഭാഗമായി അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ് (ADCP) എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി 2004 മുതൽ പ്രവർത്തിച്ചു വരുന്നു. 2019 വരെ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച്, FMDCP എന്ന പേരിൽ 11 ജില്ലകളിലും കേന്ദ്രഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് മൂന്ന് ജില്ലകളിലും കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ് ആറുമാസക്കാല ഇടവേളകളിൽ നടത്തിവരുന്നു. നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ 100% സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന കുളമ്പ് രോഗം, ബ്രൂസെല്ല, CSF, PPR രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പുകൾ നിഷ്കർഷിച്ച ഷെഡ്യൂൾ പ്രകാരം നടന്നുവരുന്നു. ASCAD പ്രകാരം 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ റാബീസ്, ചർമ്മമുഴ രോഗം (LSD), കരലടപ്പൻ(HS), ആന്ത്രാക്സ്, കോഴികൾ, താറാവുകൾ എന്നിവയ്ക്കുള്ള പ്രതിരോധ കുത്തിവെയ്പുകളായ കോഴിവസന്ത(RD), Duck Pasteurellosis, Duck Plague, Fowl Pox എന്നിവ നടത്തിവരുന്നു.<br><br>ASCAD 50:50 ഘടകത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ പക്ഷിപ്പനി, പന്നിപ്പനി തുടങ്ങിയ രോഗങ്ങൾ ഉന്മൂലനം ചെയ്യുന്നതിന്റെ ഭാഗമായി നാഷണൽ ആക്ഷൻ പ്ലാൻ (NAP) പ്രകാരം ‘culling’ പ്രക്രിയ കഴിഞ്ഞ് കർഷകർക്കുള്ള നഷ്ടപരിഹാരം സമയബന്ധിതമായി കൈമാറാറുണ്ട്.<br><br>'ഗോരക്ഷ' എന്ന പേരിൽ കടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ് ആസ്ഥാന കാര്യാലയം വഴി മേൽപ്പറഞ്ഞ പ്രതിരോധകുത്തിവെയ്പുകൾക്ക് ആവശ്യമായ വാക്സിനുകളും അനുബന്ധ സാമഗ്രികളും വാങ്ങുകയും സംസ്ഥാനത്ത് ഉടനീളമുള്ള മൃഗാശുപത്രികളിലേയ്ക്ക് വിതരണം നടത്തുകയും ചെയ്യുന്നു. വാക്സിനേഷന്റെ പ്രതിദിന പുരോഗതി, ഔട്ട്ബ്രേക്കുകളുടെ വിലയിരുത്തൽ, പ്രതിരോധ നിയന്ത്രണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ എന്നിവ ഈ ഓഫീസിന്റെ ചുമതലയിൽപ്പെടുന്നു. രോഗങ്ങളുടെ പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നോഡൽ ഓഫീസറായി ഈ ഓഫീസ് പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | ഔട്ട്ബ്രേക്കുകളുടെ സമയത്തും മറ്റും സാങ്കേതിക സഹായത്തിനും ഉപദേശങ്ങൾക്കുമായി സ്റ്റേറ്റ് ആനിമൽ ഡിസീസ് എമർജൻസി കൺട്രോൾ സെൽ (SADEC) ഈ ഓഫീസിൽ പ്രവർത്തിച്ചുവരുന്നു.<br><br>പ്രതിരോധ പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന് മേൽപ്പറഞ്ഞ കുത്തിവയ്പുകൾ വെറ്ററിനറി ഡോക്ടർമാരുടെ നിയന്ത്രണത്തിലുള്ള മൃഗാശുപത്രികൾ വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയോഗിച്ച്കൊണ്ട് വാക്സിനേഷൻ നടത്തിവരുന്നു. കൃത്യതയോടെയും ചിട്ടയോടെയും ഉള്ള വാക്സിനേഷൻ പ്രോഗ്രാമുകൾ നടത്തിയതുവഴി Outbreakകൾ, രോഗവ്യാപനം, രോഗതീവ്രത മുതലായവ ഗണ്യമായി സംസ്ഥാനത്ത് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ ഈ ശ്രമങ്ങൾ ഫലം കണ്ടത് ശ്ലാഘനീയമാണെന്ന് കേന്ദ്ര ഗവൺമെന്റിന്റെ റിവ്യൂ മീറ്റിംഗുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. 2030 ഓടുകൂടി FMD മുക്തമേഖലയാകുന്ന 9 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ